# നെഹ്റു ട്രോഫിയുടെ മത്സരഘടനയും നിയമങ്ങളും പരിചയപ്പെടുത്തുന്ന 'മീറ്റ് ദ ക്ലബി'നു തുടക്കം

## - വിദഗ്ധ സമിതി ആറു ക്ലബുകളുമായി കൂടിക്കാഴ്ച നടത്തി

നെഹ്റു ട്രോഫി വള്ളംകളിയുടെ പുതിയ മത്സരഘടനയും പുതുക്കിയ നിയമങ്ങളും ശിക്ഷകളും ചുണ്ടൻ ബോട്ട് ക്ലബുകളെ പരിചയപ്പെടുത്തുന്ന 'മീറ്റ് ദ ക്ലബ്' പരിപാടിക്കു തുടക്കമായി. നെഹ്റു ട്രോഫി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിദഗ്ധ സമിതിയംഗങ്ങളും മുൻ എം.എൽ.എ.മാരുമായ ചീഫ് കോ-ഓർഡിനേറ്റർ സി.കെ. സദാശിവൻ, ചീഫ് സ്റ്റാർട്ടർ കെ.കെ. ഷാജു എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശീലനം നടക്കുന്ന സ്ഥലങ്ങളിലെത്തി ക്ലബ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തുന്നത്.

ചുണ്ടൻ വള്ളങ്ങളുടെ മത്സരം ഫിനിഷ് ചെയ്യുന്ന സമയത്തെ അടിസ്ഥാനമാക്കിയതിനെക്കുറിച്ചും മത്സരത്തിൽ ക്ലബുകളും തുഴച്ചിൽക്കാരും പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും പെരുമാറ്റത്തെക്കുറിച്ചും അച്ചടക്കലംഘനമുണ്ടായാലുള്ള ശിക്ഷകളെക്കുറിച്ചും ബോധവത്കരണം നടത്തുന്നു. തുഴച്ചിൽക്കാരുടെയും ക്ലബുകളുടെയും സംശയങ്ങൾക്ക് മറുപടി നൽകുന്നുണ്ട്. മത്സരത്തിന്റെ സമയക്രമം പാലിക്കാനും മാസ്ഡ്രില്ലിൽ ചിട്ടയോടെ പങ്കെടുക്കാനും ക്ലബുകൾ പാലിക്കേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു.

യു.ബി.സി. കൈനകരി, ജീസസ് ബോട്ട് ക്ലബ്, എടത്വാ വില്ലേജ് ബോട്ട് ക്ലബ്, വീയപുരം ബോട്ട് ക്ലബ്, വഴുതാനം ബോട്ട് ക്ലബ്, ആലപ്പുഴ ടൗൺ ബോട്ട് ക്ലബ് തുടങ്ങിയ ക്ലബുകളുമായി കൂടിക്കാഴ്ച നടത്തി. ചുണ്ടൻ വള്ളം തുഴയുന്ന മുഴുവൻ ക്ലബുകളുമായും സംഘം കൂടിക്കാഴ്ച നടത്തും.

പുതുക്കിയ മത്സരഘടന മത്സരത്തിന്റെ വീറുംവാശിയും കൂട്ടുമെന്നും മാറ്റത്തോട് യോജിക്കുന്നുവെന്നും ക്ലബ് അംഗങ്ങൾ പറഞ്ഞു. നാലാം ട്രാക്കിന്റെ ആഴം കൂട്ടണമെന്ന് ക്ലബ് ക്യാപ്റ്റൻമാർ ആവശ്യപ്പെട്ടു. ആഴംകൂട്ടൽ ആരംഭിച്ചതായി സംഘം പറഞ്ഞു.

കുട്ടമംഗലം ബാങ്കിനുസമീപം യു.ബി.സി. കൈനകരി ക്ലബുമായി നടന്ന കൂടിക്കാഴ്ചയിൽ സി.കെ. സദാശിവൻ, കെ.കെ. ഷാജു, കെ.എ. പ്രമോദ്, സുനിൽ പി. പദ്മനാഭൻ, വക്കച്ചൻ തേവർകാട് എന്നിവരും പുന്നമടയിൽ ആലപ്പുഴ ടൗൺ ബോട്ട് ക്ലബുമായി നടന്ന കൂടിക്കാഴ്ചയിൽ എസ്. ഗോപാലകൃഷ്ണൻ, എ.വി. മുരളി, കൗൺസിലർ സലിംകുമാർ, ബി. ഇക്ബാൽ, പി. രാജു, ഷൈബു കെ. ജോൺ എന്നിവരും പങ്കെടുത്തു.